പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2114 **26-10-2026-ൽ മറുപടിയ്ക്ക്**

ചങ്ങനാശ്ശേരി മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥ ക്ഷാമവും കെ-സ്മാർട്ടിലെ സാങ്കേതിക തടസ്സങ്ങളും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിലെ നഗരസഭയിലും വിവിധ ഗ്രാമപഞ്ചായത്തുകളിലും തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിൽ അനുവദിച്ചിട്ടുള്ള ആകെ സ്റ്റാഫ് പാറ്റേൺ എത്രയാണെന്നും നിലവിൽ അസിസ്റ്റന്റ് എഞ്ചിനീയർ (എ.ഇ.), ഓവർസിയർ ഉൾപ്പെടെയുള്ള എഞ്ചിനീയറിംഗ് വിഭാഗത്തിൽ എത്ര തസ്തികകൾ ഒഴിവുണ്ടെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

മറുപടി: വിവരം ശേഖരിച്ചു വരുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെ കുറവ് മൂലം വികസന പദ്ധതികളുടെ പ്രൊപ്പോസലുകൾ തയ്യാറാക്കുന്നതിലും സർവേ/മെഷർമെന്റ് പ്രവൃത്തികളിലും ഉണ്ടാകുന്ന കാലതാമസം പരിഹരിക്കാൻ കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

മറുപടി: വിവരം ശേഖരിച്ചു വരുന്നു.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയ കെ-സ്മാർട്ട് സോഫ്റ്റ്വെയറിലെ സാങ്കേതിക തടസ്സങ്ങൾ കാരണം പദ്ധതി അംഗീകാരം, ബിൽ പാസാക്കൽ, പ്ലാൻ ഫണ്ട് വിനിയോഗം എന്നിവ സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കുന്നില്ലെന്ന പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: വിവരം ശേഖരിച്ചു വരുന്നു.

(ഡി) എങ്കിൽ പ്രസ്തുത സോഫ്റ്റ്വെയറിലെ അപാകതകളും സാങ്കേതിക തടസ്സങ്ങളും പരിഹരിച്ച് പദ്ധതി നിർവ്വഹണം വേഗത്തിലാക്കാൻ എന്തൊക്കെ അടിയന്തര തിരുത്തൽ നടപടികളാണ് വകുപ്പ് തലത്തിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

മറുപടി: വിവരം ശേഖരിച്ചു വരുന്നു.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മണ്ഡലത്തിലെ വികസന പദ്ധതികൾ തടസ്സമില്ലാതെ പൂർത്തിയാക്കുന്നതിനായി ജീവനക്കാരുടെ പുനർവിന്യാസത്തിനും സോഫ്റ്റ്വെയർ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി ഇറക്കിയിട്ടുള്ള ഉത്തരവുകളുടെയും നിരീക്ഷണ സംവിധാനങ്ങളുടെയും പൂർണ്ണ വിവരങ്ങൾ നൽകാമോ?

മറുപടി: വിവരം ശേഖരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ